# കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

## 2015-16 വർഷത്തെ

## ഓഡിറ്റ് റിപ്പോർട്ട്

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

നം.കെ.എസ്.എ-പികെഡി8/457/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി – 17.05.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശ്രീകൃഷ്ണപുരം ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
3. അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), പാലക്കാട്
4. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി8/457/17 തീയതി – 17.05.2017

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-6-2016 മുതൽ 28-11-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : കെ.കൃഷ്ണകുമാർ,
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 04.02.2017മുതൽ 10.02.2017 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എൻ.സുമേഷ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.യു.ബിജു ആന്റണി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.പി.മുഹമ്മദ് ഫാറൂഖ് | അസി.ഓഡിറ്റ് ഓഫീസർ |

(ബി)<u>നിർവ്വഹണാധികാരികൾ</u>

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ.കെ.സി.രാമൻകുട്ടി | 1-04-2015 മുതൽ 31-10-2015 വരെ |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1-11-2015 മുതൽ 18-11-2015 വരെ |
| പി.അരവിന്ദാക്ഷൻ | 19-11-2015 മുതൽ 31-3-2016 വരെ |

<u>സെക്രട്ടറി</u>

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. ടി. ആൻഡ്രൂസ് | 1.04.2015 മുതൽ 24.04.2015 വരെ |
| 2 | കുമാരി. ബെന്നില ബ്രൂണോ | 25.04.2015 മുതൽ 29.4.2015 വരെ |
| 3 | ശ്രീ. ആർ .അജയകുമാർ | 30.4.2015 മുതൽ 11.02.2016 വരെ |
| 4 | കുമാരി. ബെന്നില ബ്രൂണോ | 12.2.2016 മുതൽ 12.2.2016 വരെ |
| 5 | ശ്രീ.ശശികുമാരൻ .സി.കെ | 13.2.2016 മുതൽ 29.2.2016 വരെ |
| 6 | ശ്രീ. നിബു. ടി. കുര്യൻ | 1.3.2016 മുതൽ 31.3.2016 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എകസി. എഞ്ചിനിയർ | ശ്രീകെ.സി. സുബ്രഹ്മണ്യൻ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.ഷബീറലി.കെ | 1.4.2015 മുതൽ 4.5.2015 വരെ |
| -ടി- | ഡോ. റാണി സുഹ്റ. എസ്. | 5.5.2015 മുതൽ 4.9.2015 വരെ |
| -ടി- | ഡോ. ദീപക്.ജി. | 5.9.2015 മുതൽ 31.3.2016 വരെ |
| കൃഷി അസി.ഡയറക്ടർ | ശ്രീമതി.ഉമ്മുസൽമ. പി.പി. | 1.4.2015മുതൽ 31.3.2016 വരെ |
| സി.ഡി.പി.ഒ. | ശ്രീമതി.വി.വി.ഉഷാകുമാരി | 1.4.2015 മുതൽ 4.8.2015 വരെ |
| -ടി- | ശ്രീമതി. സി.രാധിക | 5.8.2015 മുതൽ 31.3.2016 വരെ |
| എസ്.സി.ഡി.ഒ. | ഇസ്സുദീൻ .പി.പി. | 1.4.2015 മുതൽ 31.3.2016 വരെ |
| ഡയറി. എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സുരേഷ്കുമാർ.പി. | 1.4.2015 മുതൽ 4.3.2016 വരെ |
| -ടി- | ശ്രീ.ഹരീന്ദ്രനാഥ്.സി. | 5.3.2016 മുതൽ 31.3.2016 വരെ |

| | | |
|---|---|---|
| | (അഡീ. ചാർജ്) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 20.3.2015 തിയതിയിലെ 1-ാം തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2016 | 22-7-2016 | - | - |

## 1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -84145128

വരവ് -146940361

ആകെ -231085489

ചെലവ് -157237422

നീക്കിയിരിപ്പ്-73848067

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 2620552 | 22847245 | 25467797 | 25467797 | 0 | 100 |
| വികസന ഫണ്ട് എസ്.സി.പി. | 2327165 | 19350000 | 21677165 | 21677165 | 0 | 100 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 100000 | 100000 | 100000 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1962221 | 3506484 | 5468705 | 5468705 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ട് | 70806728 | 97054923 | 167861651 | 98528283 | 69333368 | 59 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 67 | 127063799 | 60 | 53336079 | 5 | 2 | 89 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| പ്രോജക്ട് നം. | പേര് | അടങ്കൽ |
|---|---|---|
| 36/16 | എം.കെ.എസ്.പി. ലേബർ ബാങ്ക് ആധുനികവൽക്കരണം | 150000 |
| 63/16 | ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് വർധിപ്പിച്ച വിഹിതം നൽകൽ | 4250000 |

# 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-02-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലെന്ന് ബോധ്യപ്പെട്ടു.

# 1-7 ആഭ്യന്തരനിയന്ത്രണം

രേഖകളും രജിസ്റ്ററുകളും കൃത്യമായി പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ പ്രകാരം അനുവദിക്കപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ആയതിനാൽ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08-02-2016 – 22-02-2016 | 2014-15 | 08-04-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2016-- 04.03.2016 | 01-08-2013 മുതൽ 29-02-2016 വരെ | 28-03-2016 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള കണക്ഷൻ നൽകിയപ്പോൾ അർഹതാ മാനദണ്ഡങ്ങൾ പരിഗണിച്ചില്ല

താഴെപ്പറയുന്ന പദ്ധതിയിൽ അർഹതാ മാനദണ്ഡങ്ങൾ പരിഗണിക്കാതെ ആനുകൂല്യങ്ങൾ നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 11/16 കിഴക്കേക്കര കോളനി കുടിവെള്ള പദ്ധതി |
| അടങ്കൽ, ഫണ്ട് ഇനം | 500000- വികസനഫണ്ട് (എസ്.സി.പി) |
| എഗ്രിമെന്റ് നം,തീയ്യതി | 9/15-16/AEE/LSGD/SKPM/ dt:30-9-2015 |
| കോൺട്രാക്ടർ | ശ്രീ. ഇ.കെ.സുലൈമാൻ |
| പ്രവൃത്തി മൂല്യം | 353202.64 |
| എം.ബുക്ക് | 319/15 |
| ബിൽ നം.തീയ്യതി, തുക | 25/15-16 dt 21-3-2016, 330244രു. |

മേല്പറഞ്ഞ പ്രവൃത്തിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എസ്.സി.പി ഫണ്ട് ഉപയോഗിച്ച് നിർവ്വഹണം നടത്തിയിട്ടുള്ള ടി പ്രോജക്ടിന് എസി.സി.ഡി.ഓ നൽകിയ സാക്ഷ്യപത്ര പ്രകാരം കിഴക്കേക്കര കോളനിയിൽ ആകെ 6 എസ്.സി. കുടുംബങ്ങളാണ് ഉള്ളത്. എന്നാൽ ടി പ്രോജക്ടിൽ 7 ഗുണഭോക്താക്കൾക്ക് ഹൗസ് കണക്ഷൻ നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ജി.ഒ. (എം.എസ്) 362/13/LSGD, തീയ്യതി. 16/11/2013 പ്രകാരം കുടിവെള്ള പദ്ധതികളിൽ ഗാർഹിക കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകണമെന്നും സബ്സിഡിക്ക് അർഹത ഇല്ലാത്തവരിൽ നിന്നും

മുഴവൻ തുകയും പഞ്ചായത്തിൽ അടവാക്കിയശേഷം മാത്രം കണക്ഷൻ നൽകണമെന്നും നിഷ്കർഷിക്കുന്നു. മേല്പറഞ്ഞ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം പൊതുവിഭാഗത്തിന് 50000 രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ളവർക്ക് മാത്രമേ സബ്സിഡിക്ക് അർഹതയുള്ളൂ. എന്നാൽ മേല്പറഞ്ഞ പ്രവൃത്തിയിൽ വീടുകളിലേയ്ക്ക് ടാപ്പും മീറ്ററും അനുബന്ധ സാമഗ്രികളും സ്ഥാപിച്ച് നൽകുക എന്ന വ്യക്തിഗത ആനുകൂല്യം നൽകുന്നതിന് ഗ്രാമസഭകളിൽ അർഹതമാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ടി ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. ആയതിനാൽ എസ്.സി. വിഭാഗത്തിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് ടാപ്പ് കണക്ഷൻ നൽകുന്നതിന് വേണ്ടി ചെലവഴിച്ച തുക 915രൂ .(ഒരു കണക്ഷന് കണക്കാക്കിയിട്ടുള്ള തുക) മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/ 9-2-2017ന് ലഭ്യമാക്കിയ മറുപടിയിൽ ആയത് പൊതുടാപ്പാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ആകെ ആറ് എസ്.സി. കുടുംബങ്ങൾ ഉള്ള കോളനിയിൽ എല്ലാവർക്കും കുടിവെള്ള കണക്ഷൻ നൽകിയതിന് ശേഷം പൊതുടാപ്പ് അനുവദിച്ചത് പാഴ്ച്ചെലവാണ് . ആയതിനാൽ ചെലവ് തുക 915രൂ. നിരാകരിക്കുന്നു.

1994ലെ കേരളാ പഞ്ചായത്ത് രാജ് ആക്ടിലെ പട്ടിക നാല് പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ കുടിവെള്ള വിതരണം ഉൾപ്പെടുന്നില്ല. ആയതിനാൽ അത്തരം പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നത് ക്രമപ്രകാരമല്ല.

## 3-2 ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ചെയ്ത പ്രവൃത്തിക്ക് വാട്ടർ അതോറിറ്റിയിൽ സെന്റേജ് ചാർജ് അടച്ച നടപടിയും ഗുണഭോക്തൃ തെരഞ്ഞെടുപ്പും ക്രമപ്രകാരമല്ല

താഴെപ്പറയുന്ന പ്രവൃത്തിയിൽ കാണുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 32/16 ലക്ഷം വീട് കോളനികുടിവെള്ള പദ്ധതി |
| അടങ്കൽ, ഫണ്ട് ഇനം | 195000-വികസനഫണ്ട് (പൊതുവിഭാഗം) |
| എഗ്രിമെന്റ് നം,തീയ്യതി | 22/15-16/AEE/LSGD/SKPM/ dt:16-12-2015 |
| കൺവീനർ | ഭാസ്കരൻ |
| പ്രവൃത്തി മൂല്യം | 142753 |
| എം.ബുക്ക് | 284/15 |
| ബിൽ നം.തീയ്യതി, തുക | 40/15-16 dt 31-3-2016, 142753രൂ. |

എ) മേല്പറഞ്ഞ പദ്ധതിയിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനിൽ നിന്നുള്ള നീട്ടലാണ് ഉദ്ദേശിച്ചിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾ സ്വമേധയാ ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അധികാരമില്ല. KWA യുടെ പൈപ്പ് ലൈൻ നീട്ടൽ നടത്തണമെങ്കിൽ Deposit work ആയി ചെയ്യാം. അല്ലെങ്കിൽ സ.ഉ (എം.എസ് )

നം.362/2013/ത.സ്വ.ഭ.വ തീ.16-11-2013 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ മേഖലകൾക്കുള്ള നിർദേശങ്ങളിൽ കുടിവെള്ള പദ്ധതികൾ ചെയ്യുമ്പോൾ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രോജക്ടുകളിൽ വാട്ടർ അതോറിറ്റിയുടെ അനുമതിപത്രം ലഭിച്ചാൽ മാത്രമേ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിയിൽ ഇപ്രകാരമുള്ള അനുവാദം വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം അനുവാദമില്ലാതെ വാട്ടർ അതോറിറ്റിയിൽ നിക്ഷിപ്തമായ പണികൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നത് ക്രമപ്രകാരമല്ല.

ടി പദ്ധിതിയുടെ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കൽ, അളവെടുക്കൽ, മേൽനോട്ടം എന്നിവയെല്ലാം ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയർതന്നെയാണ് നിർവ്വഹിച്ചിട്ടുള്ളത്. എന്നാൽ സെന്റേജ് ചാർജ് ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ 25000 രൂ. അടവാക്കിയിട്ടുണ്ട്. (വാട്ടർ അതോറിറ്റിയുടെ രസീതി നം. 577009/ 26-3-2016പ്രകാരം) ഡെപ്പോസിറ്റ് പ്രവൃത്തിയായി പദ്ധതികൾ ചെയ്യുമ്പോൾ മേല്പറഞ്ഞ ഇനങ്ങൾക്കെല്ലാമായി വാട്ടർ അതോറിറ്റിക്ക് നൽകുന്ന തുകയാണ് സെന്റേജ് ചാർജ്. എന്നാൽ ടി ഇനങ്ങളെല്ലാം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നിർവ്വഹിച്ചതിന് ശേഷം സെന്റേജ് ചാർജ് നൽകുന്നത് ക്രമപ്രകാരമല്ല. ആയതിനാൽ ടി ഇനത്തിൽ ചെലവഴിച്ച തുക 25000രൂ. തടസ്സപ്പെടുത്തുന്നു.

മേല്പറഞ്ഞ പ്രവൃത്തിയിൽ ഗുണഭോക്താക്കൾക്ക് ടാപ്പ് കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

| ഇനം | അളവ് | നിരക്ക് | അനുവദിച്ച തുക |
|---|---|---|---|
| Supplying and fixing 15mm dia G.I. pipe for tap connection | 11.7m | 153/m | 1790 |
| Supplying and fixing 15mm dia water meter and 15mm valve | 5Nos. | 960/No | 4800 |
| Supplying and fixing 15mm CP Brass tap | 5Nos. | 323.47/No. | 1617 |
| | | ആകെ | 8207 |

ബി) ജി.ഒ. (എം.എസ്) 362/13/LSGD, തീയ്യതി. 16/11/2013 പ്രകാരം കുടിവെള്ള പദ്ധതികളിൽ ഗാർഹിക കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകണമെന്നും സബ്സിഡിക്ക് അർഹത ഇല്ലാത്തവരിൽനിന്നും മുഴവൻ തുകയും പഞ്ചായത്തിൽ അടവാക്കിയശേഷം മാത്രം കണക്ഷൻ നൽകണമെന്നും നിഷ്കർഷിക്കുന്നു. മേല്പറഞ്ഞ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം പൊതുവിഭാഗത്തിന് 50000 രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ളവർക്ക് മാത്രമേ സബ്സിഡിക്ക് അർഹതയുള്ളൂ. എന്നാൽ മേല്പറഞ്ഞ പ്രവൃത്തിയിൽ വീടുകളിലേയ്ക്ക് ടാപ്പും മീറ്ററും അനുബന്ധ സാമഗ്രികളും സ്ഥാപിച്ച് നൽകുക എന്ന വ്യക്തിഗത ആനുകൂല്യം നൽകുന്നതിന് ഗ്രാമസഭകളിൽ അർഹതമാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ടി ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/ 9-2-2017ന്

ലഭ്യമാക്കിയ മറുപടിയിൽ എസ്. സി. ആശ്രയ കുടുംബങ്ങൾക്ക് ആണ് ആനുകൂല്യം നൽകിയിത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് വ്യക്തമാക്കുന്ന തെളിവുകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിന് ചെലവഴിച്ച തുക 8207.45രൂ . തടസ്സപ്പെടുത്തുന്നു.

സി) മേല്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് 5 ലക്ഷമോ അതിൽ കൂടുതലോ അടങ്കലുള്ള പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് അനുമതിയുള്ളത്. എന്നാൽ ടി പ്രോജക്ടിൽ കുറഞ്ഞ അടങ്കൽ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്.

ഡി) 1994ലെ കേരളാ പഞ്ചായത്ത് രാജ് ആക്ടിലെ പട്ടിക നാല് പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ കുടിവെള്ള വിതരണം ഉൾപ്പെടുന്നില്ല. ആയതിനാൽ അത്തരം പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നത് ക്രമപ്രകാരമല്ല.

# 3-3 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറിയത് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല

കുടിവെള്ള പദ്ധതികൾ നിർവ്വഹണം പൂർത്തിയായ ശേഷം ഗുണഭോക്തൃസമിതികളെ ഏല്പിക്കേണ്ടതും തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതി ചെയ്യേണ്ടതുമാണ് എന്ന് ജി.ഒ. (എം.എസ്) 362/13/LSGD, തീയ്യതി. 16/11/2013 പ്രകാരം ഉള്ള മാർഗ്ഗരേഖ അനുശാസിക്കുന്നു. എന്നാൽ പഞ്ചായത്തിൽ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിൾക്ക് കൈമാറി നൽകിയത് സംബന്ധിച്ച എഗ്രിമെന്റ്, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. കൂടാതെ വലിയ അറ്റകുറ്റപ്പണികൾ വരുമ്പോൾ പഞ്ചായത്തിന്റെ സഹായം ലഭ്യമാകുന്നതിന് ടി ഗുണഭോക്തൃസമിതികളുടെ രേഖാമൂലമുള്ള അപേക്ഷയും ഉണ്ടാവേണ്ടതാണ്. എന്നാൽ ടി നിബന്ധനയും പാലിച്ച് കാണുന്നില്ല. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-4 എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത് വ്യാപകമായി കാണുന്നു

തൻവർഷം നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രോജക്ടുകളിൽ പലതിലും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളതായി കാണുന്നു. ഇതിനുള്ള കാരണങ്ങളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സൈറ്റ് കണ്ടീഷൻ പരിശോധിക്കാതെയും പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്താതെയും എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നു.

2. അടങ്കൽ 5 ലക്ഷത്തിലേക്ക് തികയുന്നതിന് വേണ്ടി എസ്റ്റിമേറ്റ് ഉണ്ടാക്കുകയും എന്നാൽ നിർമാണ ഘട്ടത്തിൽ ആയതിന്റെ ആവശ്യം ഇല്ല എന്ന് കണ്ട് ആയതിൽ ഭേദഗതി ചെയ്യുന്നത് വ്യാപകമായി കാണുന്നു. (ഉദാ. കിഴക്കേക്കര കുടിവെള്ള പദ്ധതി).

ഇത്തരം കാര്യങ്ങൾ ഭാവിയിൽ ശ്രദ്ധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-5 തെരുവു നായ്ക്കളുടെ വന്ധ്യംകരണം-ജില്ലാ പഞ്ചായത്തിനു വിഹിതം നൽകിയതിന്റെ യൂട്ടിലൈസേഷൻ ലഭ്യമാക്കിയില്ല

തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടിയുടെ ഭാഗമായി ജില്ലാ പഞ്ചായത്ത് രൂപം കൊടുത്ത പ്രോജക്ടിലേക്ക് ബ്ലോക്ക് വിഹിതം നൽകുന്നതിനായി താഴെ പറയുംപ്രകാരം പ്രോജക്ട് തയ്യാറാക്കിയിരുന്നു.

പ്രൊജക്ട് നം. – 64/16

പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ:181759 (വികസനഫണ്ട് പൊതു വിഭാഗം)

ചെലവ് : 181759

ബിൽ നം. 30/2015-16 തിയതി 21-03-2016

ഡി.ഡി.നം. 389933 തിയതി 28-03-2016

ഈ ആവശ്യത്തിനായി 181759 രൂപ വികസനഫണ്ടി (പൊതു വിഭാഗം) ൽ നിന്നും പിൻവലിച്ച് പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഡി.ഡി എടുത്ത് അയച്ചുകൊടുത്തിട്ടുണ്ട്. (28-03-2016 ലെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ഡി.ഡി നം. 389933 രൂപ (181759). പദ്ധതിക്കായി നൽകിയ തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

# 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 146940361 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 157237422 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 915 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 33208 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 915 | ശ്രീ.കെ.സി.സുബ്രഹ്മണ്യൻ<br>അസി.എക്സി.എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 25000+<br>8208 | ശ്രീ.കെ.സി.സുബ്രഹ്മണ്യൻ<br>അസി.എക്സി.എഞ്ചിനിയർ |
| ആകെ | 33208 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.സി.സുബ്രഹ്മണ്യൻ<br>അസി.എക്സി.എഞ്ചിനിയർ | വിരമിച്ചു | ആഷാഡം<br>TC-10/815 C<br>മണ്ണാമൂല<br>പേരൂർക്കട<br>തിരുവനന്തപുരം |

4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 | എൽ.എഫ്.പി(11)/464/04/8.5.03 | പുനരഭിപ്രായക്കുറിപ്പ് |
| 1996-97 | എൽ.എഫ്.പി(11)/464/04/8.5.03 | പുനരഭിപ്രായക്കുറിപ്പ് |
| 1997-98 | എൽ.എഫ്.പി(11)/464/04/8.5.03 | പുനരഭിപ്രായക്കുറിപ്പ് |
| 1998-99 | എൽ.എഫ്.പി(5)1017/04/9.2.04 | പുനരഭിപ്രായക്കുറിപ്പ് |
| 1995-00 | എൽ.എഫ്.പി(8)1587/08/11.3.10 | പുനരഭിപ്രായക്കുറിപ്പ് |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.പി(8)1588/08/18.3.10 | പുനരഭിപ്രായക്കുറിപ്പ് |
| 2001-02 | എൽ.എഫ്.പി(8)1684/08/11.3.10 | പുനരഭിപ്രായക്കുറിപ്പ് |
| 2002-03 | എൽ.എഫ്.പി(8)2391/12/27.3.13 | പുനരഭിപ്രായക്കുറിപ്പ് |
| 2003-04 | എൽ.എഫ്.പി(8)2392/12/4.2.13 | പുനരഭിപ്രായക്കുറിപ്പ് |
| 2004-05 | എൽ.എഫ്.പി(8)2393/12/5.4.13 | പുനരഭിപ്രായക്കുറിപ്പ് |
| 2005-06 | എൽ.എഫ്.പി(8)2394/12/5.4.13 | പുനരഭിപ്രായക്കുറിപ്പ് |
| 2006-07 | എൽ.എഫ്.പി(8)918/10/12.1.11 | പുനരഭിപ്രായക്കുറിപ്പ് |
| 2007-08 | എൽ.എഫ്.പി(8)693/13/2.5.12 | പുനരഭിപ്രായക്കുറിപ്പ് |
| 2008-09 | എൽ.എഫ്.പി(8)701/13/7.5.12 | പുനരഭിപ്രായക്കുറിപ്പ് |
| 2009-10 | എൽ.എഫ്.പി(8)504/12/7.8.12 | പുനരഭിപ്രായക്കുറിപ്പ് |
| 2010-11 | എൽ.എഫ്.പി(8)1096/13/5.2.14 | പുനരഭിപ്രായക്കുറിപ്പ് |
| 2011-12 | എൽ.എഫ്.പി(8)1939/14/13.1.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13<br>2013-14<br>2014-15 | കെ.എസ് എ.-പികെഡി 8/2022/ 15<br>തീയതി – 27.01.2016 | ഓഡിറ്റ് റിപ്പോർട്ട് |

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്